"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - ആലപ്പുഴ മാസ്റ്റർപ്ലാനിന് കേരള നഗരഗ്രാമാസൂത്രണ ആക്റ്റ് 2016 വകുപ്പ് 36(8) പ്രകാരം അന്തിമ അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ്**

സ.ഉ.(കൈ) നം.5/2022/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 15/01/2022

പരാമർശം:- 1. 24/09/2016 തീയതിയിലെ സ.ഉ.(കൈ) നം.133/2016/തസ്വഭവ.

2. ആലപ്പുഴ നഗരസഭ കൗൺസിലിന്റെ 15/02/2018 ലെ 1-ാം നമ്പർ തീരുമാനം.

3. ആലപ്പുഴ നഗരസഭ സെക്രട്ടറിയുടെ 05/06/2018, 23/06/2020 എന്നീ തീയതികളിലെ ഇ3/4690/15 നമ്പർ കത്ത്.

4. സർക്കാരിന്റെ 07/02/2020 തീയതിയിലെ ആർ.ഡി.2/51/2018/തസ്വഭവ നമ്പർ കത്ത്.

5. മുഖ്യനഗരാസൂത്രകന്റെ 27/01/2021, 20/12/2021 എന്നീ തീയതികളിലെ ടിസിപിസിടിപി/1487/2020-എഫ്2 നമ്പർ കത്ത്.

<u>ഉത്തരവ്</u>

നഗരഗ്രാമാസൂത്രണ വകുപ്പും ആലപ്പുഴ നഗരസഭയും ചേർന്ന് തയ്യാറാക്കിയ ആലപ്പുഴ നഗരസഭയുടെ മാസ്റ്റർപ്ലാനിന് പരാമർശ ഉത്തരവ് പ്രകാരം പ്രസിദ്ധീകരണാനുമതി നൽകിയിട്ടുള്ളതും ആയത് 27/12/2016 ന് ഗസറ്റ് നമ്പർ 51 ആയി പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്.

(2) ആലപ്പുഴ മാസ്റ്റർപ്ലാനിന്മേൽ ലഭിച്ച ആക്ഷേപ/ നിർദ്ദേശങ്ങളിന്മേലുള്ള സ്പെഷ്യൽ കമ്മിറ്റിയുടെ റിപ്പോർട്ട് പരിഗണിച്ച് നഗരസഭ കൗൺസിൽ പരാമർശം (2) തീരുമാനപ്രകാരം സ്പെഷ്യൽ കമ്മിറ്റിയുടെ 3 നിർദ്ദേശങ്ങളും അംഗീകരിക്കുകയും അതിൻപ്രകാരം മാസ്റ്റർപ്ലാനിൽ മാറ്റങ്ങൾ വരുത്തി പരാമർശം (3) പ്രകാരം നഗരസഭ സെക്രട്ടറി സർക്കാരിലേക്ക് ലഭ്യമാക്കുകയും ചെയ്തിരുന്നു. സമർപ്പിത സ്പെഷ്യൽ കമ്മിറ്റി റിപ്പോർട്ടിൽ ചില ന്യൂനതകൾ ഉണ്ടായിരുന്നതിനാൽ ആയത് പരിഹരിച്ച് പുതുക്കിയ മാസ്റ്റർപ്ലാൻ അംഗീകാരത്തിനായി സർക്കാരിൽ സമർപ്പിക്കുവാൻ നഗരസഭയ്ക്ക് നിർദ്ദേശം നൽകുന്നതിന് പരാമർശം (4) കത്ത് പ്രകാരം മുഖ്യനഗരാസൂത്രകനെ അറിയിച്ചിരുന്നു.

(3) തുടർന്ന് നഗരസഭ സമർപ്പിച്ചിട്ടുള്ള മാസ്റ്റർപ്ലാൻ പരിശോധിച്ചതിൽ പരാമർശം (4) സർക്കാർ നിർദ്ദേശം അനുസരിച്ചുള്ള മാറ്റങ്ങൾ വരുത്തിയിട്ടുണ്ടെന്നും ആയതിനാൽ മാസ്റ്റർപ്ലാൻ റിപ്പോർട്ടും മാപ്പും സാങ്കേതികമായി അംഗീകരിക്കാവുന്നതാണെന്ന് പരാമർശം (5) പ്രകാരം മുഖ്യനഗരാസൂത്രകൻ ശിപാർശ ചെയ്തിരുന്നു. കൂടാതെ ആലപ്പുഴ നഗരസഭ പരിധിയിൽ republish

ചെയ്യേണ്ട 9 Published DTP Schemes നിലവിലുള്ളതാണെന്നും ആലപ്പുഴ മാസ്റ്റർപ്ലാനിന് അനുമതി ലഭിക്കുന്നതോടെ കേരള നഗരഗ്രാമാസൂത്രണ ആക്ട് 2016 വകുപ്പ് 62(3) പ്രകാരം അംഗീകൃത മാസ്റ്റർപ്ലാനിന്റെ വ്യവസ്ഥകൾ ടി 9 DTP Schemes ന്റെ വ്യവസ്ഥകൾക്ക് മേൽ നിലനിൽക്കുന്നതാണെന്നും ഇതിലൂടെ പഴയ published DTP Schemes നിലവിലുള്ളത് കാരണമുള്ള ജനങ്ങളുടെ ബുദ്ധിമുട്ടുകൾ ചുരുങ്ങിയ സമയത്തിനുള്ളിൽ ഒഴിവാകുന്നതാണെന്നും പരാമർശം (5) പ്രകാരമുള്ള റിപ്പോർട്ടിൽ മുഖ്യനഗരാസൂത്രകന്റെ അറിയിച്ചിരിക്കുന്നു. മേൽ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ആലപ്പുഴ മാസ്റ്റർപ്ലാനിന് അന്തിമ അംഗീകാരം നൽകുന്ന വിഷയം പരിഗണിക്കാവുന്നതാണെന്ന് പരാമർശം (5) പ്രകാരം മുഖ്യനഗരാസൂത്രകൻ ശിപാർശ ചെയ്തിരിക്കുന്നു.

(4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (5) പ്രകാരമുള്ള മുഖ്യനഗരാസൂത്രകന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ, ആലപ്പുഴ മാസ്റ്റർപ്ലാനിന് കേരള നഗരഗ്രാമാസൂത്രണ ആക്ട് 2016 വകുപ്പ് 36(8) പ്രകാരം അന്തിമ അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

പകർപ്പ്

1. മുഖ്യനഗരാസൂത്രകൻ (പ്ലാനിംഗ്), തിരുവനന്തപുരം
2. ജില്ലാ നഗരാസൂത്രകൻ, ആലപ്പുഴ
3. സെക്രട്ടറി, ആലപ്പുഴ നഗരസഭ
4. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം
5. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Sindhu.p.g.
Date: 15-01-2022 19:17:02
Reason: Approved
സെക്ഷൻ ഓഫീസർ